**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.2561 17.08.2017 ൽ മറുപടിയ്ക്ക്**

## വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങൾ യഥേഷ്ടം വിൽപ്പന നടത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളുടെ പരിസരത്ത് നിന്നും കേസുകൾ കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന സ്കൂൾ പരിസരത്ത് പാടില്ല എന്ന നിയമം ലംഘിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചു കൊണ്ടുള്ള കോട്പ ആക്ട് ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് വ്യാപകമായി പരിശോധനകൾ നടത്തി വരുന്നതും കേസുകൾ എടുക്കുന്നതുമാണ്. |
| (സി) | എങ്കിൽ ഈ പ്രവണത തടയുന്നതിനായി പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**